ഉത്തരം

(എ) നഗരസഭകളിൽ തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നതിന് എല്ലാ നഗരസഭകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോഗ്രാം നടപ്പിലാക്കുന്നതിന്റെ ഭാഗമായുള്ള പദ്ധതികൾ ഏറ്റെടുത്ത് നടത്തുന്നതിനുള്ള പ്രാരംഭ നടപടികൾ നഗരസഭകളിൽ നടന്നുവരുന്നു. തിരുവനന്തപുരം നഗരസഭ പ്രദേശത്ത് 2013 ഏപ്രിൽ വരെ 1700 നായ്ക്കളെ വന്ധീകരണ ശസ്ത്രക്രിയയ്ക്ക് വിധേയമാക്കിയിട്ടുണ്ട്. കൂടാതെ തെരുവ് നായ്ക്കൾക്ക് പ്രതിരോധ കുത്തിവെയ്പ്പ് നടത്തുന്നുണ്ട്. നഗരസഭകളിൽ എ.ബി.സി. പ്രോഗ്രാം പല കാരണങ്ങളാൽ ഫലപ്രദമായി നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടില്ല. എ.ബി.സി. പ്രോഗ്രാം നടത്തുന്നതിനാവശ്യമായ പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം, വെറ്ററിനറി ഡോക്ടർമാരുടെയും അനുബന്ധ ജീവനക്കാരുടെയും, തെരുവ് നായ്ക്കളെ വേദന കൂടാതെ പിടിക്കുന്നതിന് ട്രെയിനിംഗ് ലഭിച്ചവരുടെ അഭാവം, നായ്ക്കളെ യഥാവിധി പരിചരിച്ച് പിടിച്ച സ്ഥലത്തുതന്നെ തിരികെ എത്തിക്കുന്നതിലുള്ള പ്രായോഗിക ബുദ്ധിമുട്ട് എന്നിവ ഉൾപ്പെടെയുള്ള കാരണങ്ങളിലും എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുവാൻ നഗരസഭകൾക്ക് കഴിയാതെ വരുന്നത്.

(ബി) എ.ബി.സി. പ്രോഗ്രാം ഫലപ്രദമായി നടപ്പിലാക്കുന്നതിന്റെ ആദ്യഘട്ടമായി സംസ്ഥാനത്തെ 5 മുനിസിപ്പൽ കോർപ്പറേഷനുകളിൽ അനിമൽ വെൽഫെയർ ബോർഡ് ഓഫ് ഇന്ത്യയുടെ അംഗീകാരമുള്ള സന്നദ്ധ സംഘടനകളിൽനിന്നും താൽപര്യപത്രം (EOI) ക്ഷണിച്ച് എ.ബി.സി. പദ്ധതികൾ നടപ്പാക്കുന്നതിന് ടി കമ്മിറ്റി ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ തിരുവനന്തപുരം നഗരസഭ ഹുമൈൻ സൊസൈറ്റി ഇന്റർനാഷണൽ എന്ന സ്ഥാപനവുമായി എം.ഒ.യു. ഒപ്പുവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. തൃശ്ശൂർ നഗരസഭയിൽ നായ്കുട്ടികളെ വന്ധ്യംകരിക്കുന്ന പദ്ധതി നിലവിലുണ്ട്. (ഏർലി ന്യൂട്രലൈസേഷൻ ഓഫ് ഡോഗ്സ്) തെരുവ് നായ്ക്കളെ കൊല്ലുന്ന നടപടി നിറുത്തലാക്കിക്കൊണ്ട് ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവായിട്ടുണ്ട്. പേവിഷബാധ, ചികിത്സിച്ച് ഭേദമാക്കുവാൻ കഴിയാത്ത വ്രണം/മുറിവ്, മാരക രോഗങ്ങൾ പിടിപ്പെട്ട നായ്ക്കളെ ദയാവധത്തിന് വിധേയമാക്കുന്നതിന് വ്യവസ്ഥയുള്ളതിനാൽ അത്തരം പട്ടികളെ ദയാവധത്തിന് വിധേമാക്കുന്നുണ്ട്.

ആലപ്പുഴ നഗരസഭയിലെ ഖരമാലിന്യ സംസ്ക്കരണം

81 (7378) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരസഭകളിൽ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആലപ്പുഴ നഗരസഭയിൽ ഖരമാലിന്യം സംസ്കരിക്കുന്നതിലേക്കായി എന്തെങ്കിലും പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ) നഗരസഭകളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിലേക്കായി നിലവിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റില്ലാത്ത നഗരസഭകളിൽ ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനും ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുള്ള നഗരസഭകളിൽ ആയത് കുറ്റമറ്റതാക്കുന്നതിനും പദ്ധതി തയ്യാറാക്കി സമർപ്പിക്കുന്ന നഗരസഭകൾക്ക് സാങ്കേതികാനുമതിയും 100% സാമ്പത്തിക സഹായവും നൽകിവരുന്നു. കൂടാതെ കേന്ദ്രീകൃത മാലിന്യ സംസ്കരണ പ്ലാന്റുകളിലേക്ക് എത്തുന്ന മാലിന്യത്തിന്റെ അളവ് ഒരു പരിധിവരെ കുറയ്ക്കുന്നതിലേക്കായി മാലിന്യങ്ങൾ ഉറവിടത്തിൽതന്നെ സംസ്കരിക്കുക എന്ന ലക്ഷ്യത്തോടെ ഉറവിട മാലിന്യ സംസ്കരണ പദ്ധതികൾ നടപ്പിലാക്കാനുള്ള പ്രോത്സാഹനവും സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്. നഗരങ്ങളിലെ ഖരമാലിന്യങ്ങൾ സംസ്കരിക്കുന്നതിന് കേന്ദ്രാവിഷ്കൃത പദ്ധതിയായ ജെ.എൻ.എൻ.യു.ആർ.എം. പദ്ധതിയിൻകീഴിൽ തിരുവനന്തപുരം, കൊച്ചി എന്നീ മുനിസിപ്പൽ കോർപ്പറേഷനുകളിലും യു.ഐ.ഡി.എസ്.എസ്.എം.റ്റി. പദ്ധതിയിൻകീഴിൽ 10 മുനിസിപ്പാലിറ്റികളിലും പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ആലപ്പുഴ നഗരസഭയിൽ ഖരമാലിന്യം സംസ്കരിക്കുന്നതിലേക്കായി നഗരസഭ തയ്യാറാക്കി സമർപ്പിച്ച 2,98,80,000 രൂപ അടങ്കൽ വരുന്ന ഉറവിട മാലിന്യ സംസ്കരണ പദ്ധതിക്ക് സാങ്കേതികാനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി 1,05,13,200 രൂപയുടെ സാമ്പത്തിക സഹായവും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ ആലപ്പുഴ നിയോജകമണ്ഡത്തിൽ 'നിർമ്മല നഗരം നിർമ്മല ഭവനം' എന്ന പദ്ധതി പ്രകാരം 3,91,50,000 രൂപ അടങ്കൽ വരുന്ന മാലിന്യ സംസ്കരണ പദ്ധതിക്ക് സാങ്കേതിക അനുമതിയും ആയതിന്റെ നിർവ്വഹണത്തിലേക്കായി നാളിതുവരെ 42,11,250 രൂപയും കൈമാറിയിട്ടുണ്ട്. മുകളിൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം ഉറവിട മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനും വികേന്ദ്രീകൃത മാലിന്യ സംസ്കരണം പ്രോത്സാഹിപ്പിക്കാനും നടപടി എടുത്തിട്ടുണ്ട്.

മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള അംഗീകൃത ഏജൻസികൾ

82 (7379) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് സർക്കാർ അംഗീകൃത ഏജൻസികൾ നിലവിലുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly